കെ.എസ്.എ.കെ.ടി.എം. പി6/1961/16 തീയതി: 24.12.16

കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2015-16
സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.6.15 മുതൽ 30-11-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 23.6.15 മുതൽ 30.10.16 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭ്യമായ മറുപടികൾ പരിഗണിച്ചതിനു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.എം.വി.സിനി,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1.12.2016 മുതൽ 9.12.16 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ഡി. സുലത | ഓഡിറ്റ് ഓഫീസർ . |
| | ശ്രീ.രതീഷ് സി.ആർ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർമാർ |
| | ശ്രീമതി ഷീല വി.ആർ.,<br>ശ്രീ. ലൂക്കോസ് കുര്യൻ | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ. എസ്. ദേവരാജൻ<br>അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി<br>ശ്രീമതി ലിജി സലഞ്ജരാജ് | 1.4.15-31.10.15<br>1.11.15 മുതൽ 18.11.15 വരെ<br>19.11.15-31.3.16 |
| സെക്രട്ടറി | ശ്രീമതി അംബിക എസ്., സെക്രട്ടറി | 1.4.15-9.2.16 |
| | ശ്രീ. ടി.എം. ആരിഫ്, സെക്രട്ടറി | 10.2.16-4.3.16 |
| | ശ്രീ ജെനിമോൻ, ജൂനിയർ സൂപ്രണ്ട് ഇൻ ചാർജ് ഓഫ് സെക്രട്ടറി | 5.3.16-31.3.16 |

മറ്റു നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| രതിമണി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 1.4.15-31.3.16 |

| | | |
|---|---|---|
| പ്രവീൺകുമാർ എൽ. | വി.ഇ.ഒ. തലയാഴം | 1.4.15-31.3.16 |
| മേരി ബനീഞ്ഞ | വി.ഇ.ഒ., തോട്ടകം | 1.4.15-31.3.16 |
| റെജിമോൾ പി.പി.<br>ഭാവന പി.യു. | അസിസ്റ്റന്റ് എൻജിനിയർ | 1.4.15-31.3.16<br>20.5.15-31.3.16 |
| ഡോ. നമിത എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1.4.15-30.9.15 |
| ഡോ. ബൽരാജ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1.4.15-31.3.16 |
| ശിവദാസൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 1.4.15-31.3.16 |
| എബ്രഹാം സ്കറിയ | കൃഷി ഓഫീസർ | 1.4.15-8.12.15 |
| സോണിയ എ.ജെ. | കൃഷി ഓഫീസർ | 19.12.15-31.3.16 |
| ഡോ. ജയദേവൻ | വെറ്ററിനറി സർജൻ | 1.4.15-31.3.16 |
| ഡോ. സുനിൽ എ.വി. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 1.4.15-31.3.16 |
| ഡോ. ഹിതാ സാബു | മെഡിക്കൽ ഓഫീസർ, അലോപ്പതി | 1.4.15-27.10.15 |
| ഡോ. ജീവൻ കെ. | മെഡിക്കൽ ഓഫീസർ, അലോപ്പതി | 28.10.15-11.1.16 |
| ഡോ. സുഷാന്ത് | മെഡിക്കൽ ഓഫീസർ, അലോപ്പതി | 12.1.16-31.3.16 |

ഉള്ളടക്കം


| |
|---|
| വിഷയം |
| ഭാഗം 1-പൊതു അവലോകനം |
| 1-1 ബജറ്റ് |
| 1-2 വാർഷിക ധനകാര്യപത്രിക |
| 1-3 സാമ്പത്തിക വിശകലനം |
| 1-4 ഫണ്ട് വിനിയോഗം |

| |
|---|
| 1-5 പദ്ധതി അവലോകനം |
| 1-6 തനത് വരുമാനം |
| 1-7 ക്ഷേമ പദ്ധതികൾ |
| 1-8 ക്യാഷ് വെരിഫിക്കേഷൻ |
| 1-9 ആഭ്യന്തരനിയന്ത്രണം |
| 1-10 മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2-വരവുകണക്കുകൾ |
| 2-1 വാർഷികകണക്കുകളുടെ അവലോകനം |
| 2-2 കേന്ദ്രസർക്കാരിന്റെ പ്ലാസ്റ്റിക്ക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 നടപ്പാക്കിയില്ല |
| 2-3 ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ചട്ടങ്ങൾ നടപ്പാക്കിയില്ല |
| 2-4 പരസ്യനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല |
| 2-5 വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതി ഒഴിവ്- ചട്ടങ്ങൾ പാലിക്കുന്നില്ല |
| 2-6 വിമുക്തഭടന്മാരുടെ നിർവചനത്തിൽപ്പെടാത്ത വിഭാഗക്കാർ - വസ്തുനികുതി ഈടാക്കേണ്ടതാണ്. |
| 2-7 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി- കുടിശിക ഈടാക്കേണ്ടതാണ്. |
| 2-8 തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല |
| 2-9ലൈസൻസ് എടുക്കാതെയും തൊഴിൽനികുതി, സ്ഥാപനതൊഴിൽനികുതി എന്നിവ ഒടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. |
| 2-10 ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ |
| 2-11 വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല |
| 2-12 മുറി വാടക ഈടാക്കിയിട്ടില്ല |

| |
|---|
| |
| 2-13 ട്രഷറിയിലുള്ള പഴയ തനതുഫണ്ട് അക്കൗണ്ട് നാളിതുവരെ ക്ലോസ് ചെയ്തിട്ടില്ല |
| ഭാഗം 3 ചെലവ് കണക്കുകൾ |
| 3-1വെള്ളക്കരം കുടിശിക, ഫൈൻ ഇനങ്ങളിൽ ഭീമമായ ബാധ്യത |
| 3-2 പത്രപ്പരസ്യം- സർക്കാർ നിർദേശം പാലിക്കുന്നില്ല |
| 3-3 തെരുവുവിളക്കുകൾക്ക് മീറ്ററിങ് സമ്പ്രദായം പ്രാവർത്തികമാക്കിയിട്ടില്ല |
| 3-4 കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല |
| 3-5 മതിയായ രേഖകളില്ലാതെ മരം മുറിക്കുന്നതിന് തുക നൽകി |
| 3-6 സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ |
| 3-7 വനിതാ കവർ നിർമാണയൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല |
| 3-8 കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ |
| 3-9 അംഗൻവാടികളിൽ പോഷകാഹാരപദ്ധതി- മാർഗരേഖ പാലിക്കേണ്ടതാണ്. |
| 3-10 ഇ.എം.എസ്. ഭവനനിർമാണം- പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. |
| 3-11 ഹോമിയോ ആശുപത്രി മെയിന്റനൻസ്- എസ്റ്റിമേറ്റിന് വിരുദ്ധമായി ജി.ഐ. ഷീറ്റുകൊണ്ട് റൂഫിങ് നടത്തി അലുമിനിയം ഷീറ്റിന്റെ നിരക്ക് അനുവദിച്ചു. |
| 3-12 തോട്ടകം ഗവ. എൽ.പി.എസ്. മെയിന്റനൻസ്- പൊളിച്ചുമാറ്റിയ സാധനങ്ങൾ ലേലം ചെയ്തിട്ടില്ല |
| 3-13 കരാറുകാരനിൽ നിന്ന് ഈടാക്കിയ പിഴ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല |
| 3-14 ഫിഷറീസ് ഇൻസ്പെക്ടർ പ്രോജക്ട് നടപ്പാക്കിയില്ല |
| 3-15 റോഡ് പ്രവൃത്തികൾ- മെറ്റലിങ്ങിനു മാത്രമായി പ്രോജക്ടുകൾ ആവിഷ്കരിച്ചു |
| 3-16 കരിയാർ സ്പിൽവേ നിർമാണം- ജില്ലാ പഞ്ചായത്തിന് നൽകിയ നാലുലക്ഷം രൂപ തിരികെ ലഭിച്ചിട്ടില്ല |

| |
|---|
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം |
| 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 വായ്പ/വായ്പ തിരിച്ചടവ് |
| 4-5 സ്ഥിരനിക്ഷേപങ്ങൾ |
| 4-6 ഓഡിറ്റ് റിക്കവറി |
| 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 ഓഡിറ്റ് പ്രത്യവലോകനം |
| 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| ഓഡിറ്റ് സാക്ഷ്യപത്രം 2014-15 |
| ബാലൻസ് ഷീറ്റ് 204-15 |
| ഇൻകം അന്റ് എക്സ്പെൻഡീച്ചർ 2014-15 |
| റസീപ്റ്റ് ആന്റ് പെയ്മെന്റ് 2014-15 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23.03.2015 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതല് | കുറവ് | |
| മുന്നിരിപ്പ് | 5252928 | 22211019 | | 3041909 | 57.9 |
| വരവ് | 138820500 | 30228278 | | 108592222 | 78.22 |
| ആകെ | 143973428 | 52439297 | | 111634131 | 77.53 |

| | | | | | |
|---|---|---|---|---|---|
| ചെലവ് | 134762600 | 44813948 | | 89948652 | 66.74 |
| നീക്കിയിരിപ്പ് | 9210828 | 7625349 | | 1585479 | 17.21 |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 30.07.2016 | ഇല്ല | - |

## 1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -22211019.00

വരവ് -30228278

ആകെ -52439297

ചെലവ് -44813948

നീക്കിയിരിപ്പ്-7625349.00

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1419118 | 3437335 +5533497 ട്രാൻസ്ഫർ ക്രഡിറ്റ് | 10389950 | 10389950 | 0 | 10389950 | 0 |
| വികസനഫണ്ട് എസ്.സി.പി. | 2520081 | 4260499 | 6780580 | 4867999 | 1912581 | 6780580 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 25000 | 44000 | 69000 | 44000 | 25000 | 69000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 828673 | 198252 | 1026925 | 1026925 | 0 | 1026925 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3996971 | 2500645 | 6497616 | 6497616 | 0 | 6497616 | 0 |
| 13-ാം ധനകാര്യ | 3538522 | 6142085 | 9680607 | 4960209 | 3042398+ | 9680607 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| കമ്മീഷൻഗ്രാന്റ് | | | | | 1678000* | | |
| പെർഫോമൻസ് ഗ്രാന്റ് | 2414056 | 551141 | 2965197 | 2411679 | 553518 | 2965197 | 0 |

* 28.3.15 ൽ ലഭിച്ച അലോട്ട്മെന്റ് തുകയായ 167800 രൂപ പിന്നീട് ട്രഷറി പിൻവലിച്ചിരുന്നു. ആയത് മുന്നിരിപ്പിൽ ഉൾപ്പെട്ടുപോയതിനാൽ ടി തുക പെയ്മെന്റ് ട്രാൻസ്ഫർ ക്രഡിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കല് | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 153 | 321.22 ലക്ഷം | 130 | 225.84 ലക്ഷം | - | 23 | 85 |

2015-16 വാർഷിക പദ്ധതിക്ക് ഉത്തരവ് നം. /DPC/DPO/KTM തീയതി പ്രകാരം അംഗീകാരം ലഭിച്ചു.

പദ്ധതി ആസൂത്രണം

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ മൂന്നും നാലും വാർഷികപദ്ധതിയുടെ രൂപീകരണനടപടിക്രമങ്ങൾ ഒരുമിച്ച് 2013-14 വർഷം പൂർത്തീകരിച്ചു. വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 24.2.15 തീയതിയിലും പദ്ധതി ആസൂത്രണഗ്രാമസഭ തീയതികളിലും ഗുണഭോക്തൃലിസ്റ്റ് അംഗീകാരം സംബന്ധിച്ച ഗ്രാമസഭ 2015 ജൂലൈയിലെ വിവിധ തീയതികളിലും വികസനസെമിനാർ 6.3.15 തീയതിയിലും കൂടിയിട്ടുണ്ട്.

പദ്ധതിയുടെ നേട്ടങ്ങളും കോട്ടങ്ങളും

നേട്ടങ്ങൾ

.ഉല്പാദനമേഖലയിലൂടെ വളർച്ചയെ സഹായിക്കുന്ന സമഗ്രനെൽകൃഷിവികസനം പ്രോജക്റ്റുകൾ നടപ്പാക്കി.

.സേവനമേഖലയിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്, ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ, വീട് ഗുണമേന്മാ വർധനവ്, മാലിന്യനിർമാർജനത്തിനായി ഖരമാലിന്യ സംസ്കരണം, സമ്പൂർണ്ണശുചിത്വ പദ്ധതി തുടങ്ങിയ പ്രോജക്റ്റുകൾ നടപ്പാക്കി.

.പശ്ചാത്തല മേഖലയിൽ റോഡ് ടാറിംഗ്, മെറ്റലിംഗ്, റോഡ് മണ്ണിട്ട് ഉയർത്തൽ തുടങ്ങിയ പ്രോജക്റ്റുകളും നടപ്പിലാക്കിയിട്ടുണ്ട്.

.പട്ടികജാതി വിഭാഗക്കാർക്കായി ഭവനനിർമാണം, S.C. വിദ്യാർത്ഥികൾക്ക് പഠനോപകരണം, സമ്പൂർണശുചിത്വ പദ്ധതി, തുടങ്ങിയ പ്രോജക്റ്റുകളും നടപ്പാക്കി

കോട്ടങ്ങൾ

.വാർഷിക പദ്ധതിക്ക് വേണ്ടി രൂപ മെയിന്റനൻസ് ഫണ്ടിൽ (റോഡിതരം)നിന്നും വകയിരുത്തിയിരുന്നെങ്കിലും 266414 രൂപ മാത്രമാണ് ചെലവഴിച്ചത്(ചെലവ് ശതമാനം 6.24)

## 1-6 തനതുവരുമാനം

.വൗച്ചറുകൾ മാസക്രമത്തിൽ ബൈൻഡ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

.തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

സ്റ്റോക്ക് രജിസ്റ്ററിൽ വിതരണവിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവ് | 2495168 | 1813526 | 681642 | +27.3 |
| നികുതിയിതരവരവ് | 6456707 | 6840921 | 384214 | +6 |
| മറ്റ് വരവ് | 1235180 | 1106947 | 128233 | -10 |
| ആകെ | 10187055 | 9761394 | 1194089 | -11.7 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 766680 | 317 |
| കർഷകതൊഴിലാളി പെൻഷൻ | 10836720 | 1204 |
| വിധവാപെൻഷൻ | 4924160 | 452 |
| വാർധക്യകാലപെൻഷൻ | 7648080 | 1066 |
| വികലാംഗപെൻഷൻ | 2902090 | 249 |
| അമ്പതു വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 404560 | 39 |
| വിധവകളുടെ പെണ്മക്കൾക്കുള്ള വിവാഹ ധനസഹായം | - | - |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8.12.16 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5491 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം സാമാന്യം തൃപ്തികരമാണ്. ഓഫീസ് ജോലിവിഭജന രേഖയുടെ അടിസ്ഥാനത്തില്എല്ലാ ജീവനക്കാരും കൃത്യനിർവഹണം നടത്തുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മറ്റികളും ജനറൽ കമ്മറ്റിയും യഥാസമയം യോഗം ചേർന്ന് പഞ്ചായത്തിലെ സ്ഥിതിഗതികള് വിലയിരുത്തുകയും അനുയോജ്യമായ തീരുമാനമെടുക്കുകയും ചെയ്യുന്നുണ്ട്. പദ്ധതി നിർവഹണം സംബന്ധിച്ച നിർവഹണോദ്യോഗസ്ഥരുടെ യോഗവും ചേരുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.06.16 | 05/2016 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.06.2008 | 1997-98 മുതൽ 2007-08 വരെ | LBA(HQ/IV /8A/1278/99 Dt.30.06.2008 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാർഷികകണക്കുകളുടെ അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള സൺഡ്രി ഡെബ്റ്റേഴ്സിൽ വാടക കുടിശിക 30210 രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ടി തുക 11568 രൂപയാണ്.

2) 26.07011 ലെ ജി.ഒ.(എം.എസ്.) 152/11/എൽ.എസ്.ജി.ഡി. നിർദേശം പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിങ് നടത്തിയിട്ടില്ല. വാർഷികകണക്കുകളിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

### 2-2 കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 നടപ്പാക്കിയിട്ടില്ല

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പബ്ലിഷ് ചെയ്ത് ആറ് മാസത്തിനകം ഗ്രാമ പഞ്ചായത്ത് ഇത് സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണ് എന്ന് പ്രസ്താവിക്കുന്നു. മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യാരീബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തി. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരീബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ വഴിവാണിഭക്കാർ തുടങ്ങിയവർ രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,800 രൂപ നിരക്കിൽ കുറഞ്ഞത് 48,000 രൂപ പ്ലാസ്റ്റിക് മാലിന്യ മാനേജ്മെന്റ് ഫീസിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുമുണ്ട്. ഈ വിഷയം സംബന്ധിച്ച് സ്ഥാപനം നൽകിയ മറുപടിയിൽ ഈ നിയമം നടപ്പാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.കേന്ദ്ര നിയമം നടപ്പിലാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-3 ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ചട്ടങ്ങൾ - നടപ്പാക്കിയിട്ടില്ല

2012 - ലെ ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ചട്ടങ്ങൾ പ്രകാരം നിശ്ചിത എണ്ണത്തിൽ കൂടുതൽ വളർത്തു മൃഗങ്ങളെ /പക്ഷികളെ വളർത്തുന്നതിന് ഈ ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് എടുക്കേണ്ടതാണ്. ഡി & ഒ ലൈസൻസ് രജിസ്റ്റർ, മിനിട്സ് എന്നിവ പരിശോധിച്ചതിൽ ഈ ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് നൽകിയിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ ഫീൽഡ് തല അന്വേഷണം നടത്തി ഇപ്രകാരമുള്ള സ്ഥാപങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് എടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

### 2-4 പരസ്യ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

2015-16- ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിന് പരസ്യ നികുതി ഇനത്തിൽ യാതൊരു വരുമാനവും ലഭ്യമായിട്ടില്ല. പരസ്യ നികുതി ബൈലോ തയ്യാറാക്കി പാസ്സാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല. വളരെ വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്നതും കോട്ടയം, എറണാകുളം എന്നീ പട്ടണങ്ങൾക്ക് നടുവിലായി സ്ഥിതി ചെയ്യുന്ന ഈ പ്രദേശത്ത് പ്രധാന റോഡുകളും മറ്റ് പല PWD റോഡുകളും കടന്നുപോകുന്നതുമാണ്. ഓഡിറ്റിന്റെ പരിശോധനയിൽ വലുപ്പമേറിയതും ശ്രദ്ധയാകർഷിക്കുന്നതുമായ വളരെയധികം പരസ്യ ബോർഡുകൾ പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ളതായി കാണുവാൻ സാധിച്ചിട്ടുണ്ട്. പരസ്യ നികുതി ചുമത്താത്തത് മൂലം ഗ്രാമ പഞ്ചായത്തിന് പ്രതിവർഷം ഗണ്യമായ വരുമാന നഷ്ടം ഉണ്ടാകുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ ഓഡിറ്റ് എന്ക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ബൈലോ പാസ്സാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കി

പരസ്യ നികുതി പിരിച്ചെടുക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതി ഒഴിവ് - ചട്ടങ്ങൾ പാലിക്കുന്നില്ല

വിമുക്തഭടൻമാരുടെ ഭവനങ്ങളുടെ വസ്തുനികുതിയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണവകുപ്പിന്റെ 02.07.13 -ലെ ജി.ഒ (എം.എസ്) 242 /2013 നമ്പർ ഉത്തരവിൽ വിമുക്തഭടന്മാരുടെ ഭവനത്തിന് (2000 ചതുരശ്ര അടിയിൽ കവിയാത്ത) വസ്തുനികുതി ഒഴിവാക്കുന്നത് സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും മറ്റൊരു കെട്ടിടത്തിനും നികുതി ഇളവ് ലഭിക്കുന്നില്ല എന്ന സാക്ഷ്യപത്രം നൽകണമെന്നും അപേക്ഷകളും രേഖകളും എല്ലാ വർഷവും ഏപ്രിൽ 10 ന് മുമ്പ് നൽകേണ്ടതാണെന്നും പറയുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ ഇതുസംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുകയോ സാക്ഷ്യപത്രം അപേക്ഷകനിൽനിന്ന് എഴുതിവാങ്ങുകയോ ചെയ്തതായി കാണുന്നില്ല. ഏപ്രിൽ 10 ന് ശേഷവും അപേക്ഷകൾ സ്വീകരിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് / കെട്ടിട നം. | അപേക്ഷകന്റെ പേര് ,വിലാസം | അപേക്ഷ സമർപ്പിച്ച തിയതി |
|---|---|---|---|
| 1 | 6/298 | രാജപ്പമാരാർ, ചിറ്റേഴത്ത് | 16.04.2014 |
| 2 | 6/221 | കുഞ്ഞുപ്പിള്ള ഭാസ്കർ, പെരുമ്പോഴിപ്പുറത്ത് | 14.04.2015 |
| 3 | 10/375 | പ്രതാപ് കുമാർ എം.കെ., അനിതാസദനം | 21.04.2015 |
| 4 | 10/401 | രമണി സുകുമാരൻ, പെരുമ്പോഴിപ്പുറത്ത് | 20.04.2015 |
| 5 | 15/349 | രാജീവ് എം., പടി.തോട്ടച്ചിറ | 13.04.2015 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.07) ബന്ധപ്പെട്ട സെക്ഷൻ മറുപടി നൽകിയിട്ടില്ല. വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതി ഒഴിവാക്കി നൽകുമ്പോൾ സർക്കാർ ചട്ടങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

## 2-6 വിമുക്തഭടന്മാരുടെ നിർവ്വചനത്തിൽ പെടാത്ത വിഭാഗക്കാർ - വസ്തുനികുതി ഈടാക്കേണ്ടതാണ്

ഗവ. ലറ്റർ നമ്പർ 4559/എൻ.2/06/ ത.സ്വ.ഭ.വ. തിയതി 15.07.06 പ്രകാരം വിമുക്തഭടന്മാരുടെ നിർവ്വചനത്തിൽ പെടാത്ത DSC (ഡിഫൻസ് സെക്യൂരിറ്റി കോർ)- ൽ നിന്നും വിരമിച്ച ശ്രീ.പ്രഭാകരൻ, പ്രവീൺ നിവാസ്, കെട്ടിട നം. 13/42 -ന് 2015-16 വർഷം വിമുക്തഭടന്മാരുടെ ഭവനത്തിന് നൽകുന്ന വസ്തുനികുതി ഇളവ് നൽകിയതായി കാണുന്നു. വിമുക്തഭടന്മാരുടെ നിർവ്വചനത്തിൽ പെടാത്തതിനാൽ ശ്രീ.പ്രഭാകരൻ, പ്രവീൺ നിവാസിന്റെ വസ്തുനികുതി കുടിശ്ശികയുൾപ്പെടെ ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി-കുടിശ്ശിക ഈടാക്കിയിട്ടില്ല.

ജി.ഒ.(പി) 19/2011/ത.സ്വ.ഭ.വ, 14.1.11 ന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ അടിസ്ഥാന വസ്തുനികുതി 500/- രൂപയായി പരിഷ്കരിച്ചിട്ടുണ്ട്(19.12.2011ലെ A2-6036/11 നമ്പർ വിജ്ഞാപനം). എന്നാൽ 03 ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ ഉള്ള പഞ്ചായത്തിൽ 2013/14വർഷം ടവറുകളുടെ വസ്തുനികുതി പരിഷ്കരിച്ചെങ്കിലും നാളിതുവരെ ഈടാക്കിയിട്ടില്ല. ഇവയുടെ കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ടവർ സ്ഥാപിച്ച കമ്പനി | വിസ്തീർണ്ണം (ച.മീ) | വസ്തുനികുതി പരി ഷ്കരിച്ച വർഷം | കുടിശ്ശിക വിവരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2/8 തോട്ടകം | ഭാരതി എയർടെൽ ലിമിറ്റഡ് | 13 | 2013/14 | 2013/14 മുതൽ |
| 6/309A ഉല്ലല | BSNL | 15 | 2013/14 | 2014/15 മുതൽ |
| 10/138 തുപ്പക്കടം | ഭാരതി സെല്ലുലാർ ലിമിറ്റഡ് | 10 | 2013/14 | 2011/12 മുതൽ |

ജി.ഒ. (ആർ.ടി) 2640/2012 ത.സ്വ.ഭ.വ തിയതി 19.09.2012 പ്രകാരം ബി.എസ്.എൻ.എൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കണമെന്ന ബി.എസ്.എൻ.എൽ ചീഫ് ജനറൽ മാനേജരുടെ അപേക്ഷ സർക്കാർ നിരസിച്ചിട്ടുള്ളതാണ്. ആയതിനാൽ BSNL ടവർ ഉൾപ്പെടെ പഞ്ചായത്തിന്റെ പരിധിയിലെ 03 ടെലികമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നും കുടിശ്ശികസഹിതം വസ്തുനികുതി ഈടാക്കുന്നതിന് സെക്രട്ടറി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ പ്രധാന വരുമാനങ്ങളിൽ ഒന്നായ വസ്തുനികുതി ഈടാക്കുന്നതിന് കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ധനകാര്യ കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു

## 2-8 <u>തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല.</u>

1. കേരള പഞ്ചായത്ത് രാജ് ആക്ട് സെ. 204 (1) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ 60 ദിവസം ജോലി ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. എന്നാൽ പഞ്ചായത്തിൽ മരാമത്ത് ജോലി ചെയ്യുന്ന കോൺട്രാക്ടർമാർ, തൊഴിലുറപ്പ് പദ്ധതി ജീവനക്കാരായ അക്കൗണ്ടന്റുമാർ, ഓവർസീയർമാർ ഐ.കെ.എം ലെ ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. ഇവരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഡി & ഒ ട്രേഡ് ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന് ഡി & ഒ ട്രേഡ് ലൈസൻസ് സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ നിന്നും കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രം നം. | വ്യാപാരിയുടെ പേര് | സ്ഥാപനം | അപേക്ഷ പ്രകാരം തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | രശ്മി ജയിംസ് | പാചകവാതക സിലിണ്ടർ ഗോഡൗൺ | 4 |
| 2 | എൻ.ഗോപാലകൃഷ്ണൻ,തോട്ടകം | ശ്രീഭദ്രാ ഹോളോബ്രിക്സ് & സോളിഡ് ബ്രിക്സ് | 4 |
| 3 | സുധീഷ്. എച്ച്. തലയാഴം | ഫർണ്ണിച്ചർ നിർമ്മാണം | 2 |
| 4 | സുരേഷ്.ബി., വൈക്കം | കംപ്യൂട്ടർ ടേബിൾ നിർമ്മാണ യൂണിറ്റ് | 8 |

| | | | |
|---|---|---|---|
| 5 | ജയിസ് പനത്തറ.വി., വൈക്കം | ഇന്റർനെറ്റ് കഫേ അക്ഷയസെന്റർ | 3 |
| 6 | ജോൺ,എ.ജെ., തോട്ടകം | അരക്കത്തിൽ ഇൻഡസ്ട്രീസ് | 8 |
| 7 | ശ്രീമതി.കൊച്ചുത്രേസ്യാ, തലയാഴം | ബിൽസൺ ബ്രിക്സ് | 8 |
| 8 | സി.ജെ.സേവ്യർ, തലയാഴം | ഇടത്തിൽ സ്റ്റോഴ്സ് | 3 |
| 9 | ചന്ദ്രബോസ്.റ്റി. | പെരുമാശ്ശേരിൽ ഇൻഡസ്ട്രീസ് | 3 |
| 10 | ബിന്ദു.പി.റ്റി. തലയാഴം | പറപ്പള്ളിയിൽ ഫർണ്ണിച്ചർ മാർട്ട് | 2 |

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/16) തീയതി 7.12.16 മറുപടി ലഭ്യമായില്ല. മേൽ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 ലൈസൻസ് എടുക്കാതെയും തൊഴിൽനികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഒടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ്, തൊഴിൽനികുതി, സ്ഥാപനതൊഴിൽനികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ക്ഷീരകർഷക സംഘം,ഉല്ലല |
| 2 | ക്ഷീരകർഷക സംഘം,പള്ളിയാട് |
| 3 | ക്ഷീരകർഷക സംഘം, കൊതവറ |
| 4 | ക്ഷീരകർഷക സംഘം,തലയാഴം |
| 5 | റ്റി.എസ്.നം.15 പുത്തൻപാലം |
| 6 | റ്റി.എസ്.നം.10മാരാംവീട് |
| 7 | റ്റി.എസ്.നം.9 തോട്ടകം |
| 8 | റ്റി.എസ്.നം.14 ഉല്ലല |
| 9 | അക്ഷയസെന്ററുകൾ |
| 10 | സ്വകാര്യ ബാങ്കുകൾ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/16) മറുപടി ലഭ്യമായില്ല. കള്ളുഷാപ്പുകൾ ലൈസൻസ് ഫീസ്, തൊഴിൽ നികുതി,സ്ഥാപനതൊഴിൽ നികുതി ഒടുക്കുന്നില്ലായെന്നും 2014-15വർഷ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും നാളിതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ടി സ്ഥാപനങ്ങളിൽ നിന്നും

ലൈസൻസ് ഫീസ്, തൊഴിൽനികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് പലിശ സഹിതം ഈടാക്കേണ്ടതാണ്.

## 2-10 ഡിഡ്ഡ ട്രേഡ് ലൈസൻസ്ഫീസ്-പരിശോധനയിൽകണ്ടെത്തിയ അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിശ്ചിതഫീസ് ഒടുക്കി ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ് പുതുക്കേണ്ടതാണ്. ലൈസൻസ് പുതുക്കുന്നതിനുള്ള ഭൂരിപക്ഷം അപേക്ഷകളിൽ ദൈനംദിന വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. തൻമൂലം യഥാർത്ഥ വിറ്റുവരവ് എത്രയെന്ന് തിട്ടപ്പെടുത്തുന്നതിനോ, വിറ്റുവരവിനനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും സാധിച്ചിട്ടില്ല. ഭൂരിഭാഗം അപേക്ഷകളിലും വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെഅന്വേഷണ റിപ്പോർട്ട്,സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ എന്നിവയില്ല. പ്രസ്തുത വ്യാപാരികൾ നിയമാനുസൃതം പഞ്ചായത്തിൽ തൊഴിൽക്കരം ഒടുക്കുവാൻ ബാദ്ധ്യസ്ഥരാണ്. ലൈസൻസ് സംബന്ധിച്ച രജിസ്റ്ററിൽ തന്നെ പ്രത്യേക കോളം ഉണ്ടാക്കി ബന്ധപ്പെട്ട വ്യപാരികൾ തൊഴിൽ നികുതി ഒടുക്കിയതിന്റെ വിശദവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.എന്നാൽ പഞ്ചായത്തിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് രജിസ്റ്ററിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇക്കാര്യങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അടിയന്തിരശ്രദ്ധ പതിയേണ്ടതാണ്.

## 2-11 വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള സ്ഥാപനത്തിൽ നിന്നും 2015-16 സാമ്പത്തികവർഷം വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര് | വിറ്റുവരവ് (രൂപയിൽ) | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| 1. | രശ്മി ജയിംസ്<br>കൈതപ്പറമ്പിൽ<br>പാചകവാതകസിലിണ്ടർ<br>ഗോഡൗൺ | 100000/- | 2000/- | 1000/- | 1000/- |

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/16) മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് ഫീസിനത്തിൽ കുറവായി ഈടാക്കിയ തുക സ്ഥാപനത്തിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-12 മുറിവാടക ഈടാക്കിയില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഉല്ലല മാർക്കറ്റിലെ താഴെപറയുന്ന മുറിയുടെ വാടക മുൻ സാമ്പത്തികവർഷവും തൻവർഷവും ഈടാക്കിയിട്ടില്ല. വാടക കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| മുറി നമ്പർ | പേര് | പ്രതിമാസവാടക | കുടിശ്ശിക | തുക |
|---|---|---|---|---|
| VI | സോമൻ,<br>സൂര്യഭവൻ | 482 (14-15)<br>482 (15-16) | 04/14 - 03/15<br>04/15 - 03/16 | 482x12=5784<br>482x12=5784 |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/16) മറുപടി ലഭ്യമായില്ല . വാടക കുടിശ്ശിക നിലനിൽക്കെ കരാറുകാരന് തന്നെ തുടർ വർഷങ്ങളിലും കടമുറികൾ വാടകക്കു നൽകി. ടി നടപടി ക്രമപ്രകാരമല്ല. മുൻ റിപ്പോർ ട്ടിൽ പരാമർശിച്ചിട്ടും വാടക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചില്ല. ഉല്ലല മാർക്കറ്റ് 6-ാം നമ്പർ

മുറിയുടെ വാടക കുടിശ്ശിക നിയമാനുസൃതപിഴ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-13 ട്രഷറിയിലുള്ള പഴയ തനതുഫണ്ട് അക്കൗണ്ട് നാളിതുവരെ ക്ലോസ് ചെയ്തിട്ടില്ല.

തലയാഴം പഞ്ചായത്തിന് വൈക്കം സബ്ട്രഷറിയിലുള്ള പഴയ വി.പി.എഫ് അക്കൗണ്ട് നാളിതുവരെ ക്ലോസ് ചെയ്തിട്ടില്ല.ടി അക്കൗണ്ടിൽ നിലവിൽ 2,22,132/-രൂപ അവശേഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27.7.15-ലെ 14-ാംനമ്പർ തീരുമാനപ്രകാരം അക്കൗണ്ട് ക്ലോസ് ചെയ്ത് അക്കൗണ്ടിലുള്ള ബാലൻസ് തുക പുതിയ TSBഅക്കൗണ്ട് നമ്പർ 16-ൽ നിക്ഷേപിക്കുന്നതിനായി ട്രഷറി ഓഫീസർക്ക് കത്ത് (എ14613/15തീയതി. 25-1-16) നൽകിയിരുന്നു . എന്നാൽ മൂന്നു വർഷത്തിലധികമായി ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കുന്നതിന് അക്കൗണ്ടന്റ് ജനറലിന്റെ അനുമതി ആവശ്യമാണെന്നും ആയത് ലഭ്യമാക്കുന്നതിലേക്കായി ട്രഷറി രേഖകളും പഞ്ചായത്ത് രേഖകളുമായി ഒത്തുനോക്കി സെക്രട്ടറി സാക്ഷ്യപത്രം നൽകണമെന്നും ട്രഷറി ഓഫീസർ 8-2-16-ൽ ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നു. എന്നാൽ ട്രഷറി ആവശ്യപ്പെട്ട സാക്ഷ്യപത്രം ലഭ്യമാക്കി അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള തുടർനടപടികളൊന്നും പഞ്ചായത്ത് നാളിതുവരെ സ്വീകരിച്ചിട്ടില്ല. ടി അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വെള്ളക്കരം- കുടിശ്ശിക , ഫൈൻ ഇനങ്ങളിൽ ഭീമമായ ബാധ്യത

പഞ്ചായത്തിൽ വാട്ടർ ചാർജ്ജിനത്തിൽ വൻ തുക കുടിശ്ശിക നിലനില്ക്കുന്നു. കേരള വാട്ടർ അതോറിറ്റിയുടെ ഏപ്രിൽ 2015-ലെ ബിൽ പ്രകാരം മുൻബാക്കി 1499270/- രൂപയായിരുന്നു. ടി തുകയ്ക്ക് 2% ഫൈൻ ഓരോ മാസവും ചുമത്തുന്നുണ്ട്. അതു വഴി അടയ്ക്കാൻ ബാക്കി നില്ക്കുന്ന തുകയിൽ സാരമായ വർദ്ധനവ് ഉണ്ടാകുന്നതായി കാണുന്നു. 15-16-ൽ ഫൈൻ 36501/- രൂപയായി വർധിച്ചിട്ടുണ്ട് . ഇപ്രകാരം വാട്ടർ ചാർജ്ജിനത്തിൽ തുക ബാലൻസ് നില്ക്കുവാനും ടി തുകയുടെ ഫൈൻ ഉൾപ്പെടെ കുടിശിക തുക വർദ്ധിയ്ക്കുവാനും ഇടയാകുന്നു. കൂടാതെ വാട്ടർ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച സംയുക്ത പരിശോധന നടത്തിയതിന്റെ വിശദാംശങ്ങളും പഞ്ചായത്തിൽ ലഭ്യമല്ല. ഈ വിഷയം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ GO(Rt) 1501/2006/LSGD/23.06.2006,GO(Rt)2242/2011/LSGD/28.09.2011 എന്നിവയുടെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിർണയിച്ച് വെള്ളക്കരം ക്രമീകരിക്കേണ്ടതുമാണ് . കൂടാതെ വാട്ടർ അതോറിറ്റി ആവശ്യപ്പെടുന്ന കുടിശിക തുകയുടെ കൃത്യത പരിശോധിച്ച് തുക അടയ്ക്കുന്നതിനുള്ള അടിയന്തിര നടപടികളും സ്വീകരിക്കേണ്ടതാണ്.

## 3-2 പത്രപ്പരസ്യം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

പൊതുഭരണ (ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് -ഡി)വകുപ്പ് (അച്ചടിച്ചത്) 01/04 ഐ ആന്റ് പി ആർ, 01-01-04 ലെ ഉത്തരവ്, 21-06-04 ലെ 7441/ഡി-1/04 ഐ ആന്റ് പി ആർ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ, 2കോളം 3cm (8 x 3 = 24sqcm) വലുപ്പത്തിൽ മാത്രമായിരിക്കണം. പരസ്യത്തിന്റെ പൂർണ്ണരൂപം വെബ്സൈറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ 2015-16-ലെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പത്രപരസ്യങ്ങൾ പലതും വലിപ്പം കൂട്ടി നൽകിയതുമൂലം അധികചെലവ് ഉണ്ടായിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എന്ക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പത്രപ്പരസ്യങ്ങൾ നൽകുമ്പോൾ സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പാലിച്ച് അധിക ചെലവ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം പ്രവർത്തികമാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ 2012-13 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊജക്റ്റ് നം. SO 13/2013 പ്രകാരം തെരുവ് വിളക്ക് മീറ്റർ ഘടിപ്പിക്കലിനായി 159000/- രൂപ പദ്ധതി വിഹിതം വൈദ്യുതി ബോർഡിന് കൈമാറി നൽകിയിരുന്നു. എന്നാൽ പദ്ധതി പ്രകാരം KSEB മീറ്ററുകൾ സ്ഥാപിച്ചതായി കാണുന്നില്ല. നിലവിൽ പ്രതിമാസം നാല്പത്തി അയ്യായിരത്തോളം രൂപ സ്ട്രീറ്റ് ലൈറ്റ് കറന്റ് ചാർജ് ഇനത്തിൽ പഞ്ചായത്ത് അടയ്ക്കുന്നുണ്ട്.എന്നാൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ കൃത്യമായ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

25560W കണക്കുഡ് ലോഡ് കണക്കാക്കി KSEB പ്രതിമാസ ബിൽ നൽകുകയാണ് ചെയ്യുന്നത്. ടി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന വിവരം പൂർത്തീകരണസാക്ഷ്യപത്രം സഹിതം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നുവെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 കംപ്യൂട്ടർ / അനുബന്ധഉപകരണങ്ങൾ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് 2015-16 വാർഷിക പദ്ധതിയിൽ പെടുത്തി KELTRON - ൽ നിന്നും കമ്പ്യൂട്ടർ , സ്കാനെർ , പ്രിൻറർ , യു.പി.എസ് . ഉടങ്ങിയ ഉപകണങ്ങൾ വാങ്ങിയിട്ടുണ്ട്. ഇവ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും സെക്രട്ടറി ഒപ്പുവെച്ച് ആധികാരികമാക്കിയിട്ടില്ല. കൂടാതെ 24.9.10 ലെ സർക്കുലർ നമ്പർ 86/2010/ഫിൻ പ്രകാരം കംപ്യൂട്ടർ / അനുബന്ധഉപകരണങ്ങൾ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും ടി ഉപകരണങ്ങൾ ഇപ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ കമ്പ്യൂട്ടറുകളുടെയും , അനുബന്ധ ഉപകരണങ്ങളുടെയും , സോഫ്റ്റ്‌വെയറുകളുടെയും വിവരങ്ങൾ നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് .

## 3-5 മതിയായ രേഖകളില്ലാതെ മരം മുറിക്കുന്നതിന് തുക നൽകി

വൗച്ചർ നം. 21500244/23.07.15 പ്രകാരം പഞ്ചായത്ത് വക സ്കൂളിലെ മരങ്ങളുടെ ശിഖരങ്ങൾ മുറിച്ചു മാറ്റുന്നതിന് മസ്റ്റർ റോൾ അനുസരിച്ച് 7000/- രൂപ ചെലവഴിച്ചിരുന്നു. എന്നാൽ ഈ വിഷയം സംബന്ധിച്ച് സ്കൂൾ ഹെഡ് മാസ്റ്റർ നൽകിയ അപേക്ഷയോ പഞ്ചായത്ത് കമ്മറ്റി തീരുമാനമോ , ഏതു സ്കൂളിലെ മരങ്ങളാണ് മുറിച്ചതെന്ന വിവരമോ ലഭ്യമല്ല. കൂടാതെ വൗച്ചർ നം. 21500402/23.09.15 പ്രകാരം 4000/- രൂപ ശിഖരങ്ങൾ മുറിച്ച ഇനത്തിൽ തോട്ടകം ഗവ. LPS ഹെഡ് മാസ്റ്റർക്ക് നൽകിയിട്ടുണ്ട്. ശിഖരങ്ങൾ ലേലം ചെയ്ത് നൽകിയതിന്റെ വിവരവും ലഭ്യമല്ല. ഈ വിഷയം സംബന്ധിച്ച് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല . ആയതിനാൽ 11000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ- അപാകതകൾ

പദ്ധതി മാർഗ്ഗരേഖയിലെ നിർദേശങ്ങൾ പാലിച്ചില്ല.

പ്രൊ.നം. SO 155/16 - സ്വയം തൊഴിൽ - ബാങ്ക് ലിങ്കേജ് പദ്ധതി - ( TSP)

ചെലവ് : ബിൽ നം. 51501044/31.03.16- Rs. 33000/-

51501027/31.03.16 Rs. 11000/-

പദ്ധതി പ്രകാരം നാല് ഗുണഭോക്താക്കൾക്ക് പച്ച മരുന്ന് ശേഖരണം എന്ന സ്വയം തൊഴിൽ പദ്ധതി നടപ്പാക്കുന്നതിനായി 11000/- രൂപ വീതം ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്.എന്നാൽ 12-)ം പദ്ധതി മാർഗ രേഖ അനുബന്ധം 16-3.7 പ്രകാരം സ്വയം തൊഴിൽ പദ്ധതികളിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനാണ് സബ്സിഡി നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പച്ചമരുന്ന ശേഖരിക്കുന്ന തൊഴിലിന് ഏതുതരം ആസ്തികളാണ് ആവശ്യമുള്ളതെന്നും വ്യക്തമല്ല. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എന്ക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 44000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-7 വനിതാ കവർ നിർമാണ യൂണിറ്റ് - പ്രവർത്തനം ആരംഭിച്ചിട്ടില്ല.

കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്നും 2008-09 വാർഷിക പദ്ധതിയിൽ (എസ് . സി.പി .)പെടുത്തി ഗ്രാമ പഞ്ചായത്ത് സ്ഥലത്ത് വനിതാ കവർ നിർമാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് കെട്ടിടവും നിർമിക്കുകയും അനുബന്ധ മെഷീനറികൾ വാങ്ങി നൽകുകയും ചെയ്തിരുന്നു. ഈ കവർ നിർമാണ യൂണിറ്റിലേയ്ക്ക് മെഷിനറികൾ മാറ്റി സ്ഥാപിച്ചതിനു 4.6.15 -ൽ 5500 /- രൂപ(വൗച്ചർ നം.21500119/04.06.2015) ഗ്രാമ പഞ്ചായത്ത് ചെലവഴിച്ചതായി കാണുന്നു. കൂടാതെ ഈ കെട്ടിടത്തിന്റെ വൈദ്യുതി ചാർജ് ഇനത്തിൽ പ്രതിമാസം 115/- രൂപ വീതം (കൺ. നം. 14198) അടയ്ക്കുകയും ചെയ്യുന്നുണ്ട്.എന്നാൽ നാളിതുവരെ സ്ഥാപനം പ്രവർത്തനം തുടങ്ങുന്നതിനു സാധിച്ചിട്ടില്ല. നാളിതുവരെ പ്രവർത്തനം ആരംഭിക്കാത്ത സാഹചര്യത്തിൽ മെഷീനറികൾ തുരുമ്പ് എടുത്തു നശിക്കുന്നതിനും സ്ഥാപനം നിഷ്ക്രിയ ആസ്തിയായി മാറുന്നതിനും സാധ്യതയുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു

## 3-8 കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

കാർഷിക മേഖലയിൽ ആകെ 9 പ്രോജക്ടുകളാണ് തൻവർഷം ആവിഷ്ക്കരിച്ച് നടപ്പാക്കിയത്. വിവിധ പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമാക്കിയ ഫയലും അനുബന്ധരേഖകളും പരിശോധിച്ചതിൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

3-8-1)so102/16-പച്ചക്കറി തൈയും ഗ്രോബാഗും വിതരണം

അടങ്കൽ -11540/-(വികസനഫണ്ട് എസ്.സി.പി)

ചെലവ്- 11540/-

ബിൽനമ്പർ -51500981/23-3-16

പ്രോജക്ടിന്റെ ഭാഗമായി 704ഗ്രോബാഗുകൾ വാങ്ങിയ ഇനത്തിൽ 5699/-രൂപ ഡി.ഡി. നം. 335749/21-4-16പ്രകാരം ജില്ലാ കാർഷികോത്പ്പന്ന വിപണനകേന്ദ്രമായ സംഘമൈത്രിക്കും പച്ചക്കറി തൈകൾ വാങ്ങിയ ഇനത്തിൽ 5841/-രൂപ ഡി.ഡി.നമ്പർ 335750/21-4-16പ്രകാരം ഗുരുകൃപ ഹോർട്ടികൾച്ചറൽ സൊസൈറ്റി,കടുത്തുരുത്തി എ ന്ന സ്ഥാപനത്തിനും അനുവദിച്ചു നൽകിയിട്ടുണ്ട്.ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ)) ഗുണഭോക്താക്കളെ ഗ്രാമസഭ തിരഞ്ഞെടുത്തിട്ടില്ല.

ബി) ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ അന്തിമ ഗുണഭോക്തൃലിസ്റ്റിലും ഗുണഭോക്താക്കൾ ഉൾപ്പെടുത്തിയിട്ടില്ല.

സി) ആനുകൂല്യം അനുവദിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് അടുത്ത ഗുണഭോക്തൃഗ്രാമസഭയിൽ അംഗീകാരത്തിന് നൽകണമെന്ന് കൃഷി ഓഫീസറെ ചുമതലപ്പെടുത്തിക്കൊണ്ട് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നുവെങ്കിലും ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭയിൽ വച്ച് അംഗീകാരം വാങ്ങിയിട്ടില്ല.

ഡി) ഫയലിൽ സൂക്ഷിച്ചിട്ടുള്ള ലിസ്റ്റ് പ്രകാരം ഒരാൾക്ക് 45 തൈകൾ വീതം 59പേർക്ക് ആകെ 2655 എണ്ണം വാങ്ങിയതിന് 2.20 രൂപ നിരക്കിൽ ആകെ 5841/-രൂപ ചെലവ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ 17-3-16-ലെ ബിൽ പ്രകാരം ആകെ 2213 എണ്ണം തൈകളേ ലഭ്യമായിട്ടുള്ളൂ.ആയതിന് 2.20 രൂപ നിരക്കിൽ 4868.6 രൂപ മാത്രമാണ് സ്ഥാപനത്തിന് അർഹമായിട്ടുള്ളത്.

ഇ) ഈ പ്രോജക്ട് പ്രാകാരം വാങ്ങിയ പച്ചക്കറിതൈകൾ സ്റ്റോക്കിലെടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകളില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.14 ) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നടപ്പാക്കുന്നതിനായി ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകരിച്ചുനൽകാമെന്ന ഉറപ്പിൻമേലാണ് പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചതെന്ന് വിശദീകരണം നൽകിയിട്ടുണ്ട്.നിയമാനുസരണം തെരഞ്ഞെടുക്കപ്പെടാത്ത ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം അനുവദിച്ചത് ഗുരുതരമായക്രമക്കേടാണ്.ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല.

ഈ സാഹചര്യത്തിൽ പ്രോജക്ട് പ്രകാരമുള്ള11540/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-8-2) SO-4/16-പച്ചക്കറി കൃഷി

അടങ്കൽ-100000/-(വികസനഫണ്ട്)

ചെലവ്-100000/-

ബിൽനമ്പർ-81500807/29-2-16

പ്രോജക്ട് പ്രകാരം മുളക്,വഴുതന,തക്കാളി,പയർ(l),പയർ(k) എന്നിവയുടെ തൈകൾ10000 എണ്ണം വീതം വാങ്ങിയതിന് ഗുരുകൃപ ഹോർട്ടികൾച്ചറൽ നഴ്സറി,കടുത്തുരുത്തി എന്ന സ്ഥാപനത്തിന് 100000/-രൂപ (ഡിഡിനമ്പർ 742731/24-2-16) അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെചേർക്കുന്നു.

എ) വാർഷികപദ്ധതിയുടെ ഭാഗമായി വിവിധ വാർഡുകളിൽ കൂടിയ ഗുണഭോക്തൃ ഗ്രാമസഭകൾ ടി പ്രോജക്ടിനുവേണ്ടി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടില്ല.

ബി) സ്ഥാപനത്തിൽനിന്നും വാങ്ങിയ പച്ചക്കറി തൈകൾ ആരാണ് കൈപ്പറ്റിയതെന്നോ ഓരോരുത്തരും എത്ര എണ്ണം വീതം കൈപ്പറ്റിയിട്ടുണ്ടെന്നോ ഉള്ള വിവരം ഫയലിൽനിന്നും വ്യക്തമല്ല.

സി) പ്രോജക്ട് രൂപീകരണഘട്ടത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ലാത്തതിനാൽ പച്ചക്കറി ഉപഭോഗത്തിൽ സ്വയം പര്യാപ്തത കൈവരിക്കൽ എന്ന പ്രോജക്ട് ലക്ഷ്യം നേടിയിട്ടുള്ളതായി വിലയിരുത്താനായിട്ടില്ല.

നിയമാനുസരണം ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം അനുവദിച്ചത് സംബന്ധിച്ചും ചെലവുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ ലഭ്യമല്ലാത്തത് സംബന്ധിച്ചും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ 14) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.ആയതിനാൽ പ്രോജക്ടിന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-8-3)<u>പ്രോജക്ട് നം-ടഠ 3-2016-സമഗ്ര കിഴങ്ങുവർഗ്ഗകൃഷി</u>

അടങ്കൽ-229000/-(170000/-വികസനഫണ്ട്+59500/-ഗു.വിഹിതം)

ചെലവ്-170000/-വി.ഫണ്ട്

ബിൽ നമ്പർ-51500803/29-2-16 (76000/-)

ബിൽനമ്പർ-51500813/29-2-16 (94000/-)

പ്രോജക്ട് പ്രകാരം കോട്ടയം ജില്ലാ കാർഷികോത്പ്പന്ന വിപണനകേന്ദ്രമായ സംഘമൈത്രിയിൽനിന്നും 2615കി.ഗ്രാം ചേനയും 646കി.ഗ്രാം ചേമ്പും വാങ്ങിയതിതിന് സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരമുള്ള 170000/-രൂപ മേൽപരാമർശിച്ച പ്രകാരം സ്ഥാപനത്തിന് അനുവദിച്ചുനൽകിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

എ) ഗ്രാമസഭാ മിനിറ്റ്സ് പരിശോധിച്ചതിൽ 2015-16വാർഷികപദ്ധതിയിലെ ഗുണഭക്തൃതെരഞ്ഞെടുപ്പിനുവേണ്ടി 2015 ജൂൺമാസത്തിൽ വിവിധവാർഡുകളിൽ കൂടിയ ഗ്രാമസഭകൾ പ്രസ്തുത പ്രോജക്ടിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടില്ല.

ബി) പഞ്ചായത്ത് അംഗീകരിച്ച 2015-16-ലെ അന്തിമ ഗുണഭോക്തൃലിസ്റ്റിലും ടി പ്രോജക്ടിന്റെ വിവരം ഉൾപ്പടുന്നില്ല.

സി) ഗുണഭോക്താക്കളുടെ ഉടമസ്ഥതയിലുള്ളതോ പാട്ടത്തിന് ലഭിച്ചതോ ആയ സ്ഥലത്തിന്റെ വിസ്തൃതിക്ക് ആനുപാതികമായിട്ടല്ല കിഴങ്ങുവർഗ്ഗങ്ങൾ വിതരണം ചെയ്തിട്ടുള്ളത്.

ഡി) ഗുണഭോക്താക്കളുടെ പേരും അനുവദിക്കുന്ന കിഴങ്ങുവർഗ്ഗത്തിന്റെ തൂക്കവും രേഖപ്പെടുത്തിയ ലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ ആയത് കൈപ്പറ്റിയതിന്റെ രേഖകൾ ഇല്ല.

ഇ) ഫലപ്രദമായ തുടർമോണിറ്ററിംഗ് സംവിധാനം ഇല്ലാത്തതിനാൽ സമഗ്രകിഴങ്ങുകൃഷി വികസനം എന്ന പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല.

മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നം.10) ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിൽ ക്രമനമ്പർ (സി) പ്രകാരം ചൂണ്ടിക്കാട്ടിയ അപാകതയ്ക്ക് തലയാഴം പഞ്ചായത്ത് സ്വാശ്രയ ഗ്രാമം ആക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയ പദ്ധതിയാണിതെന്നും തെങ്ങുകൃഷിക്ക് പ്രാമുഖ്യമുള്ള മേഖലയായതിനാൽ ഇടവിളക്കൃഷിയായിട്ടാണ് പദ്ധതി നടപ്പാക്കിയതെന്നും 50സെന്റ് മുതൽ 5എക്കർ വരെ സ്ഥലവിസ്തൃതിയുള്ളവരെയാണ് പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നതെന്നും വിശദീകരിച്ചിരിക്കുന്നത് അംഗീകരിക്കാവുന്നതാണ്. മറ്റ് അപാകതകൾക്ക് ലഭ്യമാക്കിയ വിശദീകരണം അംഗീകരിക്കാവുന്നതല്ല. ആയതിനാൽ പ്രോജക്ട് പ്രകാരമുള്ള 170000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-8-4)<u>പ്രോജക്ട് നമ്പർ- ടഠ-9/16സമഗ്ര വാഴക്കൃഷി വികസനം</u>

അടങ്കൽ-98000/-(വികസനഫണ്ട്-48000/+50000/-ഗുണഭോക്തൃവിഹിതം)

ചെലവ്- 64000/-(48000വി.ഫണ്ട്+16000/-ഗ്ര.വിഹിതം)

(ബിൽനം.-51500874/15-3-16, 51500891/18-3-16)

പ്രോജക്ട് പ്രകാരം ആകെ 3200/-വാഴക്കന്നുകൾ ഒന്നിന് 20/-രൂപ നിരക്കിൽ കാർഷിക സർവ്വകലാശാലയുടെ എറണാകുളം വൈറ്റിലയിലുള്ള പ്രാദേശിക നെല്ലുഗവേഷണകേന്ദ്രത്തിൽ വാങ്ങിയ ഇനത്തിൽ സ്ഥാപനത്തിന് ഡി.ഡി.നം-333643/19-3-16 പ്രകാരം അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

എ) പഞ്ചായത്ത് അംഗീകരിച്ച 2015-16 വർഷത്തെ അന്തിമഗുണഭോക്തൃലിസ്റ്റിൽ ടി വിവരം ഉൾപ്പെട്ടിട്ടില്ല.

ബി) 143 പേരുടെ ലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ വാഴക്കന്നുകൾ കൈപ്പറ്റിയിട്ടുള്ളതിന്റെ രേഖകളില്ല.

സി) നിയമാനുസരണം ഗ്രാമസഭ അംഗീകരിച്ചിട്ടുള്ള ഗുണഭോക്താക്കൾക്കല്ല പദ്ധതി ആനുകൂല്യം അനുവദിച്ചതെന്നിരിക്കെ ടി ഗുണഭോക്തൃലിസ്റ്റ് തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല.

അപാകത ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (എൻക്വയറിനം10) ലഭ്യമാക്കിയ വിശദീകരണം തൃപ്തികരമല്ല. ആയതിനാൽ പ്രോജക്ട് പ്രകാരമുള്ള 64000/-രൂപയുടെചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 പൂരകപോഷകാഹാരപദ്ധതി പദ്ധതി മാർഗ്ഗരേഖ പാലിക്കേണ്ടതാണ്.

പ്രോജക്ട് നം: S0097/16

അടങ്കൽ : 16,84,000/-

ചെലവ് : 14,53,830/-

വനിതാ/ ശിശു/ വികലാംഗ ക്ഷേമം 12-ആം മാർഗ്ഗരേഖ ജി.ഒ (എം.എസ്. 362/2013 ത.സ്വ.ഭ.വ തിയതി16.11.2013) പ്രകാരം അംഗനവാടി പോഷകാഹാര വിതരണം കുറ്റമറ്റതാക്കാൻ വാർഡ് ജനപ്രതിനിധികൾ അംഗനവാടികൾ ഇടയ്ക്കിടെ സന്ദർശനം നടത്തേണ്ടതാണ്. പ്രസ്തുത മാർഗ്ഗരേഖ പാലിക്കപ്പെടുന്നുണ്ടോ എന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം 17 ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ രേഖാമൂലം മറുപടി നൽകിയിട്ടില്ല. അംഗനവാടി പോഷകാഹാര വിതരണം കുറ്റമറ്റതാക്കാൻ വാർഡ് ജനപ്രതിനിധികൾ അംഗനവാടികൾ ഇടയ്ക്കിടെ സന്ദർശനം നടത്തേണ്ടതാണ്. സന്ദർശന രജിസ്റ്ററുകളിൽ അംഗനവാടി വർക്കർമാർ വാർഡ് ജനപ്രതിനിധികളുടെ രേഖപ്പെടുത്തലുകൾ സ്വീകരിക്കേണ്ടതുമാണ്. ഐ.സി.ഡി.എസ് സൂപ്പർവൈസർ ഈ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-10 ഇ.എം.എസ് ഭവനനിർമ്മാണം -പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

ഇ.എം.എസ്സ്. ഭവനനിർമ്മാണത്തിന്റെ രജിസ്റ്റർ പരിശോധിച്ചതിൽ പൊതുവിഭാഗത്തിൽ 03 ഉം എസ്. സി. വിഭാഗത്തിൽ 02 ഉം ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശാന്തപ്പൻ നാരായണൻ, പുഞ്ചായിത്തറ | 52500 |
| 2 | കുഞ്ഞുമോൻ, കളത്തിപറമ്പിൽ | 52500 |
| 3 | സിദ്ധാർത്ഥൻ TB, താഴത്തുവീട്ടിൽ | 22500 |
| 4 | പരമേശരൻ, ഇടംപാടത്ത്തറ | 1,40,000 |

| | | |
|---|---|---|
| 5 | ജാനകി, നാലുപറ | 1,00,000 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം സംബന്ധിച്ച അന്വേഷണത്തിന് തീർത്തും സാമ്പത്തിക സ്ഥിതി മോശമായ സാഹചര്യത്തിലാണ് മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നതെന്നറിയിച്ചു. ഈ സാഹചര്യത്തിൽ വിഷയം പഞ്ചായത്ത്കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമെങ്കിൽ സർക്കാർ പ്രത്യേക അനുമതിയോടെ പദ്ധതി പൂർത്തീകരിക്കാൻവേണ്ട നടപടികൾ സ്വീകരിക്കേണ്ടതും ഭവന നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-11 ജി.ഐ.ഷീറ്റുകൊണ്ടുള്ള റൂഫിംഗ് അലൂമിനിയം ഷീറ്റെന്ന് മൂല്യനിർണ്ണയം നടത്തി അധികനിരക്കനുവദിച്ചു.

| |
|---|
| പ്രോജക്-s0142/2016 |
| പ്രോജകിന്റെ പേര്-ഹോമിയോ ആശുപത്രി മെയിന്റനൻസ് |
| അടങ്കൽ- 780000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് -768850/- ബിൽ നമ്പർ-51501026 /28-3-16 |
| എം.ബുക്ക്നം-54 /15-16 |

ഹോമിയോ ആശുപത്രിയുടെ മെയിന്റനൻസുമായി ബന്ധപ്പെട്ട മേൽ പ്രോജക്ടിന്റെ എസ്റ്റിമേറ്റിലെ പതിനൊന്നാമത്തെ ഇനമായി ഉൾപ്പടുത്തിയിരുന്നത് അലൂമിനിയം ട്രാഫോർഡ് ഷീറ്റുപയോഗിച്ചുള്ള റൂഫിംഗ് പ്രവൃത്തിയായിരുന്നു. അളവുപുസ്തകം പേജ് 12 പ്രകാരം 172..58 m2 അളവിൽ ടി പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തി ഒരു ചതുരശ്രമീറ്ററിന് 2012-ലെ SOR പ്രകാരമുള്ള 811/-രൂപ നിരക്കിൽ ആകെ 1,39,962.62രൂപ കൺവീനർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ കൺവീനറുടെ ബിൽപ്രകാരം ജി.ഐ.ഷീറ്റുകളാണ് ഈ പ്രവൃത്തിക്കായി വാങ്ങി ഉപയോഗിച്ചിട്ടുള്ളത്. 9-12-14-ൽ നടത്തിയ പ്രാദേശികപരിശോധനയിലും ജി.ഐ. ഷീറ്റുകളുപയോഗിച്ച് തന്നെയാണ് കെട്ടിടത്തിന്റെ റൂഫിംഗ് നടത്തിടിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. 2012-SOR പ്രകാരം ജി.ഐ.ഷീറ്റുപയോഗിച്ചുള്ള റൂഫിംഗിന് കൺവീനർ വർക്കുകൾക്ക് അനുവദനീയമായ നിരക്ക് ഒരു ചതുരശ്രമീറ്ററിന് 621.20രൂപ മാത്രമാണ്. അലൂമിനിയം ഷീറ്റിന് ബാധകമായ അധികനിരക്ക് അനുവദിച്ചതുവഴി 1m2-ന് 189.80 രൂപ പ്രകാരം 172.58m2ന് ആകെ 32,755.68/-രൂപ അധികച്ചെലവ് വന്നിട്ടുണ്ട്.

എസ്റ്റിമേറ്റിൽ പറഞ്ഞിരുന്നതിന് വിരുദ്ധമായി ജി.ഐ.ഷീറ്റുകൊണ്ട് റൂഫിംഗ് നടത്തുകയും എന്നാൽ അലൂമിനിയം ഷീറ്റിന്റെ നിരക്ക് അനുവദിക്കുകയും ചെയ്തത് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥനുള്ള വിശദീകരണം രേഖാമൂലം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ എം.ബുക്കിൽഅളവ് രേഖപ്പെടുത്തുന്നതിന് മുൻപ് റൂഫിംഗ് ഷീറ്റ് പരിശോധിച്ചപ്പോൾ DU roof alu zinc എന്ന് ഷീറ്റിൽ എഴുതിയിരുന്നതിനാലാണ് എം.ബുക്കിൽ അലൂമിനിയം ഷീറ്റെന്ന് രേഖപ്പെടുത്തിയതെന്നും വാർഷികപദ്ധതിയുടെ അവസാനസമയമായതിനാൽ തിരക്കുകാരണം കൺവീനറുടെ ബിൽ പരിശോധിക്കുന്നതിന് സാധിച്ചില്ലായെന്നും പിഴവ് ആവർത്തിക്കില്ല എന്നും അറിയിച്ചിട്ടുണ്ട്.

മേൽസാഹചര്യത്തിൽ അധികച്ചെലവുവന്ന 32,756/-രൂപ കൺവീനറിൽനിന്നോ പ്രവൃത്തിയുടെ മെഷർമെന്റ് എടുത്ത അസിസ്റ്റന്റ് എൻജിനീയർ, ചെക്ക്മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരിൽ നിന്ന് തുല്യമായോ ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-12 തോട്ടകം ഗവ.എൽ.പി.എസ് മെയിൻറനൻസ് -പൊളിച്ചുമാറ്റിയസാധനങ്ങൾ ലേലം ചെയ്തിട്ടില്ല.

2015-16 വർഷം തോട്ടകം ഗവ.എൽ.പിസ്കൂളിന്റെ (പ്രോജക്ട് നമ്പർ-s0175/16) മെയിന്റനൻസുമായി ബന്ധപ്പട്ട് പൊളിച്ചുമാറ്റിയ പഴയ ഓടുകളുടേയും മേൽക്കൂരയിലെ തടി ഉരുപ്പടികളുടേയും സ്ഥിതിവിവരം സംബന്ധിച്ചും പുനരുപയോഗം സംബന്ധിച്ചുമുള്ള വിവരങ്ങളൊന്നും ബന്ധപ്പട്ട ഫയലിൽ രേഖപ്പെടുത്തിയിരുന്നില്ല. . പ്രോജക്ടിന്റെ എസ്റ്റിമേറ്റിലെ 1-ഉം 2- ഉം ഇനങ്ങൾ പഴയ കെട്ടിടത്തിന്റെ മേൽക്കൂരയിലുള്ള ഓടുകളും തടി ഉരുപ്പടികളും പൊളിച്ചു നീക്കുന്ന പ്രവൃത്തികളായിരുന്നു. അളവുപുസ്തകത്തിലെ (നം-2/15-16) രേഖപ്പെടുത്തൽ പ്രകാരം ടി പ്രവൃത്തികൾ

നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം-1

dismantling and removing

manglore tiles over roofs.

..........................................

437.16m2@189/10m2 8262.32/-

ഇനം-2

dismantling and removing

wrought out framed timbers

in roof.................................

1255dm3 @12.3/10dm3 1537.50

മേൽപ്പറഞ്ഞപ്രകാരം പൊളിച്ചെടുത്ത സാധനങ്ങളുടെ വിനിയോഗം സംബന്ധിച്ച് പ്രവൃത്തിയുടെ എസ്റ്റിമേറ്റിലും പരാമർശിച്ചിരുന്നില്ല. .എന്നാൽ പൊളിച്ചെടുത്ത ഓടുകളും തടിക്കഷണങ്ങളും ഉപയോഗയോഗ്യമല്ലായെന്ന് നിർവ്വഹണോദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുമില്ല. ആയതിനാൽ ഇവയിൽ ഉപയോഗപ്രദമായ സാധനങ്ങൾ ഇതേ പ്രവൃത്തിക്കോ മറ്റേതെങ്കിലും പ്രവൃത്തിക്കുവേണ്ടിയോ വിനിയോഗിക്കുകയോ വാല്യുവേഷനെടുത്ത് ലേലം ചെയ്യുകയോ ചെയ്തിട്ടുള്ള പക്ഷം ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടതിന് (എൻക്വയറി നം- 15) ലഭ്യമാക്കിയ മറുപടിയിൽ വളരെ മോശമായ അവസ്ഥയിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ അദ്ധ്യയനം നടക്കാത്ത സമയത്താണ് സ്കൂളിന്റെ മെയിന്റനൻസ് നടത്തിയതെന്നും പൊളിച്ചെടുത്ത ഓടുകളും തടിക്കഷണങ്ങളും പുനരുപയോഗത്തിന് യോഗ്യമല്ലായിരുന്നുവെന്നും ഈ വിവരങ്ങൾ എം.ബുക്കിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2014-15 വർഷവും 15-16 ർഷവും തോട്ടകം ഗവ.എൽ.പി.സ്കൂളിന്റെ വാർഷിക സുരക്ഷിതത്വപരിശോധന നടത്തി ഫിറ്റ്നസ് സാക്ഷ്യപത്രം നൽകിട്ടുള്ളത് സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വപരിശോധനയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടിരുന്നതാണ്. ആയതിനാൽ മേൽപ്പറഞ്ഞ മറുപടി അംഗീകരിക്കാവുന്നതല്ല . മേൽ സാഹചര്യത്തിൽ പൊളിച്ചുമാറ്റിയ ഓടുകളും മരഉരുപ്പടികളും പരിശോധിച്ച് ഉപയോഗയോഗ്യമായവയുടെ വാല്യുവേഷനെടുത്ത് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 30-10-2007-ലെ 59827/എഫ്.എം./07 നമ്പർ സർക്കുലർ അനുസരിച്ച് മരാമത്തുവേലകളുടെ ബില്ലിൽനിന്നും ഫൈൻ ഇനത്തിൽ കിഴിവുചെയ്യുന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. എന്നാൽ 54,134,49 നമ്പർ അങ്കനവാടികളുടെ മെയിന്റനൻസ് എന്ന പേരിൽ s0-134/15-ാം നമ്പരായി മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി തൻവർഷം നടപ്പാക്കിയ പ്രോജക്ട് യഥാസമയം പൂർത്തീകരിക്കാതിരുന്നതിന് കരാറുകാരനിൽനിന്നും (പി.കെ.ഷാജി) കരാർതുകയുടെ ( )1%കണക്കാക്കി 4914/-പിഴ ഈടാക്കിയിരുന്നെങ്കിലും ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

മരാമത്ത് വേലകളിൽ കരാറുകാരുടെ ബില്ലിൽനിന്നും പിഴയിനത്തിൽ കിഴിവുചെയ്യുന്ന തുക ക്രഡിറ്റ് ചെയ്യുന്നതുമായി ബന്ധപ്പട്ട സർക്കാർ നിർദ്ദേശം പാലിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 ഫിഷറീസ് ഇൻസ്പെക്ടർ പ്രോജക്ട് നടപ്പാക്കിയില്ല

2015-16വർഷം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ നൽകുന്നതിനായി ഫിഷറീസ് സബ് ഇൻസ്പെക്ടർക്ക് നിർവ്വഹണചുമതല നൽകിയിരുന്ന സ്പിൽഓവർ ഉൾപ്പെടെ രണ്ട് പ്രോജക്ടുകളും തൻവർഷം നടപ്പാക്കിയില്ല. പ്രോജക്ട് നടപ്പാക്കാതിരുന്നത് സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും

മറുപടി ലഭ്യമാക്കിയില്ല.

മത്സ്യത്തൊഴിലാളി കുടുംബങ്ങൾ കൂടുതലായി അധിവസിക്കുന്ന തീരദേശമേഖലയായ തലയാഴം പഞ്ചായത്തിൽ ഇവർക്കുവേണ്ടി ആവിഷ്കരിച്ച പ്രോജക്റ്റ് നടപ്പാക്കാതിരുന്നതിന് നിർവ്വഹണോദ്യോഗസ്ഥനായിരുന്ന ഫിഷറീസ് ഇൻസ്പെക്ടർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-15 റോഡ്പ്രവൃത്തികൾ - മെറ്റലിംഗിനു മാത്രമായി പ്രോജക്ടുകൾ ആവിഷ്കരിച്ചു.

2015-16വർഷം സ്പിൽഓവർ ഉൾപ്പെടെ പഞ്ചായത്ത് എറ്റെടുത്ത41 റോഡ് പ്രവൃത്തികളിൽ 22എണ്ണം മണ്ണ് ഫില്ലിംഗിനുവേണ്ടിയും മൂന്നെണ്ണം മെറ്റലിംഗിനുവേണ്ടിയും മാത്രമുള്ള പ്രോജക്ടുകളായിരുന്നു.

. ഇപ്രകാരം ഓരോ വർഷവും കൂടുതൽ റോഡുകളുടേയും ഫില്ലിംഗിനുവേണ്ടി മാത്രം പ്രോജക്റ്റ് തയ്യാറാക്കുന്നതിനാൽ മഴക്കാലത്ത് മണ്ണ് ഒലിച്ചുപോയി റോഡുകൾ സഞ്ചാരയോഗ്യമല്ലാതാവുന്നു. ഇക്കാരണത്താൽ തുടർന്നുള്ള വർങ്ങളിലും ഇതേ റോഡുകൾക്കുവേണ്ടി പ്രോജക്റ്റ് ആവിഷ്കരിക്കേണ്ടി വരികയും എന്നാൽ ഫണ്ട് പരിമിതി കാരണം വീണ്ടും എർത്ത് ഫില്ലിംഗിലൊതുക്കുകയും ചെയ്യുന്നു. വർഷങ്ങളായി ഈ രീതി തുടരുന്നതിനാൽ റോഡ് വികസനത്തിനായി ചെലവഴിക്കുന്ന തുക ഫലപ്രാപ്തിയിലെത്താതെ വരുന്നു.

ഇതുപോലെതന്നെ ടാറിംഗ് പ്രവൃത്തികൾ നടത്താതെ ഫില്ലിംഗിനുശേഷം ഫസ്റ്റ് മെറ്റലിംഗ് മാത്രം നടത്തി അവസാനിപ്പിച്ച പ്രവൃത്തികളുമുണ്ട്. മെറ്റലിംഗ് പൂർത്തീകരിച്ച് പ്രവൃത്തി അവസാനിപ്പിക്കുകയും വാഹനങ്ങൾ പോകുമ്പോൾ മെറ്റലുകൾ ഇളകുകയും ശക്തമായ മഴയിൽ മണ്ണ് ഒലിച്ചുപോകുകയും ചെയ്യുന്നത് മൂലം റോഡ് ഗതാഗതയോഗ്യമല്ലാതാകുന്നു. മാത്രമല്ല ടാറിംഗ് നടത്തുന്ന സമയത്ത് ഇത് അധികച്ചെലവിനിടയാക്കുകയും ചെയ്യുന്നു.ചുവടെ ചേർക്കുന്ന പ്രവൃത്തികളാണ് മെറ്റലിംഗിനുവേണ്ടി മാത്രം ആവിഷിക്കരിച്ചത്.

| പ്രോജക്റ്റ് നം, പേര് | വകയിരുത്തിയ തുക |
|---|---|
| 97/15-16 പള്ളിയാട് -ഓണംപള്ളി റോഡ് ഫില്ലിംഗം ഫസ്റ്റ് മെറ്റലിംഗം | 121343/- |
| 107/15-16 ഭഗത് സിംഗ് -പ്രിയദർശിനി റോഡ്-ഫില്ലിംഗ് മെറ്റലിംഗ് | 203750/- |
| 116/15-16 മൈലാത്തുപള്ളി-മൈലം റോഡ്-ഫില്ലിംഗ് മെറ്റലിംഗ് | 255000/- |

തൻവർഷം ഫില്ലിംഗിനായി മാത്രം ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രോജക്റ്റ് | ചെലവഴിച്ച തുക |
|---|---|---|
| 1) | പനച്ചിത്തട്ട-കറുകത്തട്ട റോഡ് | 99572/- |
| 2 | അങ്കനവാടി -ചേന്നുരുത്ത സി.കെ.എൻ. റോഡ് | 97967 |
| 3 | വാക്കേത്തറ-അംബേദ്കർ-പെരുമാത്തറ റോഡ് | 137248 |
| 4 | കാളീശ്വരം -കുവം റോഡ് | 124331 |
| 5 | എണ്ണയ്ക്കാപ്പള്ളി -പി.എച്ച്.സി.റോഡ് | |
| 6 | തറേപ്പറമ്പ്-പറേപ്പള്ളിൽ റോഡ് | 143105 |
| 7 | പാട്ടത്തിൽ കോതകരി റോഡ് | 123402 |
| 8 | മാടപ്പള്ളി -മംഗലം റോഡ് | 207478 |
| 9 | വല്ലയിൽ-മല്ലപ്പള്ളി റോഡ് | 100000 |
| 10 | പള്ളിയാട് -മണ്ണാറകണ്ടം റോഡ് | 120660 |
| 11 | മണ്ണൻതറ-പുത്തൻതറ റോഡ് | 123792 |
| 12 | കൊയ്യേലി-ചുമപ്പാട്ട് റോഡ് | 74814 |
| 13 | പാറപ്പള്ളി-ഈട്ടാത്തറ-ഏനേഴം റോഡ് | 98632 |
| 14 | കട്ടത്തറ-മഞ്ചക്കരി റോഡ് | 48440 |
| 15 | പാറപ്പള്ളിമംഗലം-തറേപ്പറമ്പ് റോഡ് | 124331 |
| 16 | കെ.ആർ നാരായണൻ റോഡ് | 49198 |
| 17 | മാരാംവീട്-കടത്തുകടവ് റോഡ് | 74276 |
| 18 | തുമ്പത്തറ-ഈട്ടാത്തറ റോഡ് | 71316 |

| | | |
|---|---|---|
| 19 | രാജീവ്ഗാന്ധി റോഡ് | 154751 |
| 20 | മുപ്പത്-എൺപതിൽച്ചിറ റോഡ് | 498215 |
| 21 | വളഞ്ഞമ്പലം-മാത്തിപ്പറമ്പ് റോഡ് ഗ്രാവലിംഗ് | 99572 |
| 22 | വാക്കേത്തറ -ചെട്ടിക്കരി റോഡ് | നടപ്പാക്കിയില്ല. |

റോഡ് വികസനത്തിനായുള്ള പ്രവൃത്തികൾ ഭാഗികമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽമാത്രം നടപ്പാക്കുന്നത് ഒഴിവാക്കേണ്ടതും ഫില്ലിംഗ്,മെറ്റലിംഗ്,ടാറിംഗ് /കോൺക്രീറ്റിംഗ് എന്നീ ഐറ്റങ്ങളെല്ലാം ഉൾപ്പെടുത്തിയുള്ള സമഗ്രമായ എസ്റ്റിമേറ്റ് പ്രകാരം നടപ്പാക്കേണ്ടതുമാണ്.

## 3-16 കരിയാർ സ്പിൽവേ നിർമാണം - ജില്ലാ പഞ്ചായത്തിന് നൽകിയ 4 ലക്ഷം രൂപ തിരികെ ലഭിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ 2002-03 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊജക്റ്റ് നം. SO01/2003 പ്രകാരം കരിയാർ സ്പിൽവേ നിർമാണത്തിന് വൈക്കം ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ വരുന്ന പഞ്ചായത്തുകളുടെ വിഹിതം എന്ന നിലയിൽ തലയാഴം ഗ്രാമപഞ്ചായത്ത് കോട്ടയം ജില്ലാ പഞ്ചായത്തിലേക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമായി 4,00,000/- രൂപ കൈമാറി നൽകിയിരുന്നു. ടി പദ്ധതി കുട്ടനാട് പാക്കേജിൽപ്പെടുത്തി സംസ്ഥാന സർക്കാർ തന്നെ നിർമ്മിച്ചതിനാൽ പ്രസ്തുത തുക വിനിയോഗിക്കപ്പെട്ടിട്ടില്ല. ടി തുക ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ.എം.എസ് .823/2010എൽ.എസ്.ജി.ഡി. തീ. 11.03.10 | 1,02,10,263 | 4225763 | 12,50,000 | -- | 2975763 |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം.& തിയതി |
|---|---|---|---|---|
| 2011/12 | III/6 | 1948/- | ചന്ദ്രശേഖരൻ, സെക്രട്ടറി | 11502101095, 22.09.15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. - ഇല്ല -

- ഇല്ല -

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50228278 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44813948 |
| വരവിനങ്ങളിലുള്ള നഷ്ടം | 1000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 32756 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 400540 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-11 | 1000 | | ശ്രീമതി അംബിക, സെക്രട്ടറി |
| 3-11 | | 32756 | ശ്രീമതി ഭാവന പി.യു., അസിസ്റ്റന്റ് എൻജിനിയർ, എൽ.എസ്.ജി.ഡി. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8-1 | 11540 | ശ്രീമതി സോണിയ എ.ജെ.കൃഷി ഓഫീസർ |
| 3-8-2 | 100000 | ശ്രീമതി സോണിയ എ.ജെ.കൃഷി ഓഫീസർ |
| 3-8-3 | 170000 | ശ്രീമതി സോണിയ എ.ജെ.കൃഷി ഓഫീസർ |

| | | |
|---|---|---|
| 3-8-4 | 64000 | ശ്രീമതി സോണിയ എ.ജെ.കൃഷി ഓഫീസർ |
| 3-5 | 11000 | ശ്രീമതി അംബിക എസ്., സെക്രട്ടറി |
| 3-6 | 44000 | ശ്രീ. ജെനിമോൻ, ജൂനിയർ സൂപ്രണ്ട് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി എസ്. അംബിക, സെക്രട്ടറി | സെക്രട്ടറി, മുഹമ്മ ഗ്രാമപഞ്ചായത്ത് | നന്നംകേരിൽ, മുഹമ്മ പി.ഒ. |
| ശ്രീമതി ഭാവന പി.യു., അസിസ്റ്റന്റ് എൻജിനിയർ | അസിസ്റ്റന്റ് എൻജിനിയർ, എൽ.എസ്.ജി.ഡി. വിഭാഗം, തലയാഴം ഗ്രാമപഞ്ചായത്ത് | പള്ളിപ്പുറത്ത് വളപ്പിൽ, നെട്ടുപുഴ പി.ഒ. തൃശ്ശൂർ |

*(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)*

## 4-9 തീർപ്പാക്കാനവശേശിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ എസ് എ കെ ടി എം പി6/572/15 /10.02.16 | 2 |
| 2004-05 | കെ എസ് എ കെ ടി എം പി6/572/15 /10.02.16 | 4 |
| 2005-06 | കെ എസ് എ കെ ടി എം പി6/1625/15 /12.05.16 | 6 |

| | | |
|---|---|---|
| 2006-07 | കെ എസ് എ കെ ടി എം പി6/1629/15 /12.05.16 | 6 |
| 2007-08 | കെ എസ് എ കെ ടി എം പി6/1630/15 /12.05.16 | 13 |
| 2008-09 | കെ എസ് എ കെ ടി എം പി6/1628/15 /12.05.16 | 4 |
| 2009-10 | കെ എസ് എ കെ ടി എം പി6/1627/15 /12.05.16 | 17 |
| 2010-11 | കെ എസ് എ കെ ടി എം പി6/1624/15 /12.05.16 | 8 |
| 2011-12 | കെ എസ് എ കെ ടി എം പി6/265/16 /12.05.16 | 4 |
| 2012-13 | കെ എസ് എ കെ ടി എം പി6/1626/15 /12.05.16 | 9 |
| 2013-14 | കെ എസ് എ കെ ടി എം പി6/768/15 /12.01.16 | 10 |
| 2014-15 | കെ എസ് എ കെ ടി എം പി6/723/16/27.6.16 | -- |

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.ടി.എം പി6/1961/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ : 0482564886

ഇ മെയിൽ : doktm.ksad@kerala.gov.in

തീയതി:24.12.16

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷികധനകാര്യപത്രിക, വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ